**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1066** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന വള്ളങ്ങൾക്കും ബോട്ടുകൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | 2018-19 സാമ്പത്തിക വർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പരമ്പരാഗത യാനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷത്തിൽ ഹള്ളിന് മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നത്. എന്നാൽ 2019-20 മുതൽ ഹള്ളിനും എഞ്ചിനും ഇൻഷ്വറൻസ് പരിരക്ഷ നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കുന്നതിന് ഇ-ടെൻഡർ നടപടിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പൊതു മേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കി വരികയാണ്. ടി പദ്ധതി പ്രകാരം പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. നിശ്ചിത വിലയുടെ 1.3 ശതമാനവും ടാക്സും ഉൾപ്പെടുന്നതാണ് നിലവിലെ പ്രീമിയം തുക. 2018-19 ൽ 647, 2019-20 ൽ 856, 2020-21 -ൽ 924 എന്നിങ്ങനെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 2 കോടി രൂപ പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ